**കേരള ജലസേചന വകുപ്പ്**

**പദ്ധതി വിഭാഗം**

**പുനർ ലേല പരസ്യം**

നം. എ2-732/2015 തീയതി 01/06/2018

കേരള ഗവർണ്ണർക്ക് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പമ്പാ ജലസേചന പദ്ധതി ഡിവിഷൻ, ചെങ്ങന്നൂർ ആലപ്പുഴ സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ, അസ്സിസ്റ്റന്റ് കൺസർവേറ്ററുടെ 01/02/2017 ലെ എ5-47/16 നമ്പർ കത്ത് പ്രകാരം ഈ ആഫീസിന്റെ പരിധിയിലുള്ളതും താഴെ പറയുന്ന സ്ഥലത്ത് കനാൽ ബണ്ടിൽ അപകടകരമായി നിൽക്കുന്നതും മുറിച്ചുമാറ്റുവാൻ അടയാളപ്പെടുത്തിയിട്ടുള്ളതുമായ മഹാഗണി മരം ജലസേചന വകുപ്പിലെ എല്ലാ ലേല നിബന്ധനകളും അനുസരിച്ച് 2018 ജൂൺ മാസം 7 -ാം തീയതി പകൽ 12 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലം വിളി ആരംഭിക്കുന്നതിന് 1 മണിക്കൂർ മുൻപ് വരെ തപാൽ മുഖേനയും ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി ഡിവിഷൻ, ചെങ്ങന്നൂരിന് ലഭിക്കത്തക്ക വിധം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും 3200/- മൂവായിരത്തി ഇരുനൂറ് രൂപ മാത്രം) രൂപയുടെ നിരതദ്രവ്യത്തിനുള്ള ഡി.ഡി അടക്കം ചെയ്ത് മുദ്ര വച്ച് മേൽ വിലാസം എഴുതിയ കവർ 07/06/2018 രാവിലെ 11 മണിയ്ക്ക് മുൻപായി ലഭിക്കേണ്ടതാണ്. ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

| ക്രമ നമ്പർ | ലേലം നടത്തുന്ന സ്ഥലം | മരങ്ങൾ നിൽക്കുന്ന സ്ഥലം | ഇനം | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | പി.ഐ.പി ഇടതുകര മെയിൻ കനാൽ ചെയ്നേജ് 19425 മീറ്ററിൽ മുളക്കുഴ പഞ്ചായത്ത് ജംഗ്ഷന് സമീപം. | പമ്പാ ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാൽ ചെയ്നേജ് 19425 മീറ്ററിൽ മുളക്കുഴ പഞ്ചായത്ത് ജംഗ്ഷന് സമീപം. | മഹാഗണി - 1 | 3200/- രൂപ |

<u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കുകയും ഐഡന്റിറ്റി കാർഡിന്റെ പകർപ്പും നിരത ദ്രവ്യത്തിനുള്ള തുകയും നൽകേണ്ടതുമാണ്.
2. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേർക്ക് ജലസേചന വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

3. ലേലം കൊള്ളുന്ന ആൾ ലേലത്തുകയും ജി.എസ്.റ്റി 18%, 5% വനവികസന നികുതിയും (ലേല തുകയും ജി.എസ്.റ്റി യും കൂടിയുള്ളതിന്റെ) അപ്പോൾ തന്നെ ലേലം നടത്തുന്ന ആളിന്റെ അനുമതിയോടു കൂടി ചെങ്ങന്നൂർ സബ് ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ രസീത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. അതിൽ വീഴ്ച്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും തന്മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വീഴ്ച്ച വരുത്തിയ ആളിൽ നിന്നും ഈടാക്കുന്നതുമാണ്.

4. ലേലം സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും

5. ലേലം സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥനിൽ നിന്നും ഉത്തരവ് കിട്ടി 7 ദിവസത്തിനകം മരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കുവേണ്ടി)

<u>പകർപ്പ്</u> (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി)

1. അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി സബ് ഡിവിഷൻ കോഴഞ്ചേരി
2. അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി സബ് ഡിവിഷൻ, ചെങ്ങന്നൂർ
3. വില്ലേജ് ആഫീസ്, മുളക്കുഴ
4. പഞ്ചായത്ത് ആഫീസ്, മുളക്കുഴ
5. ലേല മരത്തിന് സമീപം
6. പി.ഐ.പി ഡിവിഷൻ നോട്ടീസ് ബോർഡ്
7. ഐ. റ്റി സെൽ, ഇറിഗേഷൻ.
8. താലൂക്ക് ഓഫീസ്, ചെങ്ങന്നൂർ
9. റവന്യു ഡിവിഷണൽ ഓഫീസ്, ചെങ്ങന്നൂർ
10. ആർ. റ്റി. ഒ ഓഫീസ്, ചെങ്ങന്നൂർ
11. ഗവ. ഐ. റ്റി. ഐ ചെങ്ങന്നൂർ
12. സബ് ട്രഷറി, ചെങ്ങന്നൂർ